പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1756 5/12/2014- ൽ മറുപടിക്ക്

## താറാവുകൾക്ക് അജ്ഞാത രോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി: | കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കുട്ടനാട്ടിലെ താറാവുകൾ അജ്ഞാത രോഗം കാരണം കൂട്ടത്തോടെ ചാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ ടി രോഗം പടർന്ന പിടിക്കുന്നത് തടയുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ബി) പക്ഷിപ്പനി ആദ്യം റിപ്പോർട്ട് ചെയ്ത ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി, കോട്ടയം ജില്ലയിലെ അയ്മനം, കുമരകം, പത്തനംതിട്ട ജില്ലയിലെ പെരിങ്ങര എന്നീ പ്രദേശങ്ങളിലെ 1 കി.മി ചുറ്റളവിലെ രോഗം ബാധിച്ചതും അവയോടൊപ്പം ഉണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്ന സംസ്കരിച്ച വരുന്നു.<br>ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉത്പന്നങ്ങൾ, തീറ്റ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചിട്ടുണ്ട്.<br>ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ബോധവൽക്കരണം നൽകുന്നുണ്ട്. |

| | |
|---|---|
| സി) മൃഗസംരക്ഷണ വകുപ്പ് താറാവുകൾക്ക് കൃത്യമായി വാക്സിൻ നൽകുന്നില്ലെന്ന് പരാതി ശ്രദ്ധിച്ചിട്ടുണ്ടോ; | സി)യും ഡി) യും<br>പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷിപ്പനിക്ക് ഫലപ്രദമായ വാക്സിൻ ഇപ്പോൾ ലഭ്യമല്ല. താറാവുകളെ സാധാരണയായി ബാധിക്കുന്ന Duck plague, Duck pasteurllosis എന്നീ രോഗങ്ങൾക്ക് ആവശ്യമായ വാക്സിൻ വകുപ്പിൽ നിന്നും താറാവുകൾക്ക് സൗജന്യമായി നൽകുന്നുണ്ട്. |
| ഡി) എങ്കിൽ അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | |
| ഇ) താറാവുകൾക്ക് ജീവനാശം സംഭവിച്ച് കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഇ) താറാവുകൾക്ക് ജീവനാശം സംഭവിച്ചതിന് കർഷകർക്ക് ദുരന്തനിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികളെടുക്കുന്നതാണ്. പക്ഷിപ്പനി ബാധിച്ചതുമൂലം കൊന്നു സംസ്കരിച്ച പക്ഷികൾക്ക് രണ്ടു മാസത്തിനു താഴെ പ്രായമുള്ളവയ്ക്ക് ഒന്നിന് 100 രൂപാവീതവും രണ്ടു മാസവും അതിനുമുകളിലും പ്രായമുള്ളവയ്ക്ക് ഒന്നിന് 200 രൂപാവീതവും നഷ്ട പരിഹാരമായി അപ്പോൾത്തന്നെ വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ